ലേഖനം

എൻ.എം ഹുസൈൻ

# സ്വവർഗരതിയും മേനകാഗാന്ധിയും പിന്നെ *മാതൃഭൂമിയും*

ചിലയിനം എട്ടുകാലികളിലെ പെൺ എട്ടുകാലി ഇണചേർന്നശേഷം ആൺഎട്ടുകാലിയെ കൊന്നുകളയാറുണ്ട്. മൃഗങ്ങൾക്കിടയിൽ ഇണയെകൊല്ലുന്ന സമ്പ്രദായമുള്ളതിനാൽ മനുഷ്യരിൽ കുറച്ചുപേരെങ്കിലും ഇണചേർന്നശേഷം ഭർത്താവിനെ കൊല്ലുന്നത് പ്രകൃതിപരമാണെന്നും അതിനാൽ അത് നിയമവിധേയമാക്കണമെന്നും വാദിക്കുമോ? സ്വവർഗരതിയെ ന്യായീകരിക്കാനും നിയമവിധേയമാക്കാനും ബുദ്ധിജീവികളെന്ന് കരുതപ്പെടുന്ന ചിലർ ഉന്നയിക്കുന്ന ന്യായവാദങ്ങൾ അബദ്ധമാണെന്നു മാത്രമല്ല അസംബന്ധം കൂടിയാണ് എന്നതാണ് യാഥാർഥ്യം.

**സ്വവർഗരതിയെ** ന്യായീകരിക്കാൻ മൃഗങ്ങൾക്കിടയിലും ആ സ്വഭാവമുണ്ടെന്ന് ചിലർ വാദിക്കുന്നു. അതിനാൽ സ്വവർഗരതി പ്രകൃതിവിരുദ്ധമല്ലത്രെ. മൃഗങ്ങൾക്കിടയിൽ മോഷ്ടിക്കുന്ന സ്വഭാവമുണ്ട്. അതിനാൽ മോഷണം പ്രകൃതിപരമാണെന്നും അത് നിയമവിധേയമാക്കണമെന്നും ഇവർ വാദിക്കുമോ?

ചിലയിനം എട്ടുകാലികളിലെ പെൺ എട്ടുകാലി ഇണചേർന്നശേഷം ആൺ എട്ടുകാലിയെ കൊന്നുകളയാറുണ്ട്. മൃഗങ്ങൾക്കിടയിൽ ഇണയെകൊല്ലുന്ന സമ്പ്രദായമുള്ളതിനാൽ മനുഷ്യരിൽ കുറച്ചുപേരെങ്കിലും ഇണചേർന്നശേഷം ഭർത്താവിനെ കൊല്ലുന്നത് പ്രകൃതിപരമാണെന്നും അതിനാൽ അത് നിയമവിധേയമാക്കണമെന്നും വാദിക്കുമോ? സ്വവർഗരതിയെ ന്യായീകരിക്കാനും നിയമവിധേയമാക്കാനും ബുദ്ധിജീവികളെന്ന് കരുതപ്പെടുന്ന ചിലർ ഉന്നയിക്കുന്ന ന്യായവാദങ്ങൾ അബദ്ധമാണെന്നു മാത്രമല്ല അസംബന്ധം കൂടിയാണ് എന്നതാണ് യാഥാർഥ്യം.

ഉപരിപ്ലവമായ ബൗദ്ധികശേഷിയും വിവരവുമുള്ളതോടൊപ്പം, സ്ഥാപിത താൽപര്യങ്ങളെ നിർലോഭം സേവിക്കുന്നവരെയാണ് പൊതുവെ മാധ്യമങ്ങൾ കൊണ്ടാടാറുള്ളത്. ഇവരെഴുതിവിടുന്നതിൽ ഏറെയും അസംബന്ധങ്ങളാണെങ്കിലും അത് തുറന്നുകാട്ടാനുള്ള സംവിധാനങ്ങൾ മറുപക്ഷത്തിനില്ലാത്തതിനാൽ സാമാന്യജനങ്ങൾ ഇവയത്രയും സത്യമെന്നോണം വിഴുങ്ങാൻ നിർബന്ധിതരാവുന്നു. 'മൃഗങ്ങളിലെ സ്വവർഗരതി'യെന്ന ശീർഷകത്തിൽ മേനകാഗാന്ധി *മാതൃഭൂമി* ദിനപത്രത്തിലെഴുതിയ ലേഖനം (2009 ജൂലൈ 5) തുടങ്ങുന്നതിങ്ങനെയാണ്: "ഈ ഗ്രഹത്തിലെ ജീവികളെക്കുറിച്ച് പഠിച്ചപ്പോൾ ഒരുകാര്യം എനിക്ക് മനസ്സിലായി; മനുഷ്യനും മറ്റ് ജീവജാലങ്ങളും തമ്മിൽ ഏറെ വ്യത്യാസമൊന്നുമില്ല." ജീവികളെക്കുറിച്ച് ഇന്നോളം നടത്തപ്പെട്ട ഒരു പഠനവും മനുഷ്യനും ഇതര ജീവജാലങ്ങളും തമ്മിൽ വ്യത്യാസമില്ലെന്നല്ല തെളിയിച്ചിട്ടുള്ളത്. മറിച്ച് വിവരണാതീതമായ വ്യത്യാസങ്ങളുണ്ടെന്നാണ് തെളി

യിച്ചിട്ടുള്ളത്. മേനകാഗാന്ധിയുടെ ഈ വാചകം പോലും അതിലേക്കാണ് മറ്റൊരുവിധത്തിൽ വിരൽ ചൂണ്ടുന്നത്. ഇരുപത് ലക്ഷത്തോളം ജീവിവർഗങ്ങളിൽ ഒന്നുമാത്രമായ ഹോമോസാപ്പിയൻസ് അഥവാ മനുഷ്യ ജീവിവർഗത്തിലെ ഒരംഗമാണല്ലോ മേനകാഗാന്ധിയും. ഈ ഗ്രഹത്തിലെ ജീവികളെക്കുറിച്ച് പഠിച്ചതായും അവർ എഴുതുന്നു. മനുഷ്യൻ മാത്രമല്ലേ മറ്റുജീവികളെക്കുറിച്ച് പഠിക്കുന്നുള്ളൂ? ഇരുപതുലക്ഷം ജീവിവർഗങ്ങളിൽ മനുഷ്യനൊഴിച്ച് മറ്റൊരു ജീവിവർഗവും ജീവജാലങ്ങളെപ്പറ്റി പഠിക്കുന്നില്ല. ഇരുപത് ലക്ഷം ജീവിവർഗങ്ങളിൽ ഒരു ജീവിവർഗത്തിനു മാത്രമായുള്ള ഈ സവിശേഷത തന്നെ മനുഷ്യൻ മറ്റു ജീവജാലങ്ങളിൽനിന്നും വ്യത്യസ്തനാണെന്നു മാത്രമല്ല, തികച്ചും വ്യത്യസ്തനാണെന്ന് തെളിയിക്കുന്നില്ലേ? മനുഷ്യന്റെ ഇത്തരം സവിശേഷതകൾ മറ്റു ജന്തുക്കളുമായുള്ള സാദൃശ്യങ്ങളെ നിഷ്പ്രഭമാക്കുന്നതാണ്.

ഇവിടെ ശ്രദ്ധിക്കേണ്ട ഒരു വസ്തുതയുണ്ട്. മനുഷ്യന്റെ ഇത്തരം സവിശേഷതകൾ മനസ്സിലാക്കാനോ അതിന്റെ മൂല്യം കണക്കാക്കാനോ വേണ്ട അറിവോ സൂക്ഷ്മതയോ പാശ്ചാത്യ ശാസ്ത്രജ്ഞർക്കില്ല എന്നതാണ് യാഥാർഥ്യം. മനുഷ്യൻ സവിശേഷ സൃഷ്ടിയാണെന്ന യാഥാർഥ്യത്തെ ആദ്യമേ തിരസ്കരിക്കുകയും മനുഷ്യൻ മറ്റൊരു ജന്തുമാത്രമാണെന്ന വീക്ഷണം സ്വീകരിക്കുകയും ചെയ്ത ശേഷമാണ് പാശ്ചാത്യലോകത്ത് മനുഷ്യനെപ്പറ്റിയുള്ള ഗവേഷണങ്ങൾ ശക്തമായത്. അതിനാൽ മനുഷ്യനും ആൾക്കുരങ്ങും നടക്കുന്നതു കണ്ടാൽ ആൾക്കുരങ്ങ് രോമാവൃതമായ മൃഗമാണെന്നും മനുഷ്യൻ രോമം കൊഴിഞ്ഞ മൃഗമാണെന്നും മാത്രമേ അവർക്ക് തോന്നൂ. ഇത്തരം ഉപരിപ്ലവമായ ധാരണകളുടെ അടിസ്ഥാനത്തിൽ ഗവേഷണങ്ങൾ നടത്തുന്ന പാശ്ചാത്യ ശാസ്ത്രജ്ഞരുടെ ജന്തുശാസ്ത്രപഠനങ്ങൾ വിഴുങ്ങിയതുകൊണ്ടാകാം മേനകാഗാന്ധിക്ക് മനുഷ്യനും മറ്റു ജന്തുക്കളും തമ്മിൽ ഏറെ വ്യത്യാസമില്ലെന്ന് തോന്നിയത്. സ്വാഭാവികമായും മനുഷ്യൻ മറ്റൊരു മൃഗം മാത്രമാണെന്ന അസംബന്ധവിചാരത്തിൽ അവരെത്തുന്നു. വീണ്ടും അവർ വിഡ്ഢിവിചാരത്തിലൂടെ പുരോഗമിക്കുന്നത് കൂടുതൽ മടയധാരണകളിലേക്കാണ്. മനുഷ്യൻ മറ്റൊരു മൃഗം മാത്രമാണെങ്കിൽ മറ്റു മൃഗങ്ങൾ ചെയ്യുന്നതെല്ലാം മനുഷ്യനും ചെയ്തുകൂടേ? ദൽഹി ഹൈക്കോടതിവിധിയെ മുൻനിർത്തി അവരെഴുതിയത് നോക്കൂ: "ലോകം മുഴുവനും സ്വവർഗരതിയെക്കുറിച്ച് ചർച്ച ചെയ്യുമ്പോഴും നിയമനിർമാണത്തിനൊരുങ്ങുമ്പോഴും മൃഗങ്ങൾ ഇക്കാര്യം പ്രകൃതിവിരുദ്ധമായല്ല കാണുന്നത്." മൃഗങ്ങൾ ഇക്കാര്യം പ്രകൃതിവിരുദ്ധമായല്ല കാണുന്നത് എന്നത് ചില പാശ്ചാത്യ ശാസ്ത്രജ്ഞരുടെ വ്യാഖ്യാനങ്ങളാണ്. തൽക്കാലം ഈ നിരീക്ഷണം ശരിയെന്നു തന്നെ സങ്കൽപിക്കുക. വസ്ത്രം ധരിക്കാതെ പൂർണ നഗ്നതയാചരിക്കുകയെന്നതും മൃഗങ്ങൾ പ്രകൃതിവിരുദ്ധമായി കാണുന്നില്ല എന്നു വ്യക്തമാണല്ലോ. എങ്കിൽ വീട്ടിലും നാട്ടിലും പൊതുസ്ഥലങ്ങളിലും പൂർണനഗ്നരായി നടക്കാനുള്ള അവകാശത്തിനുവേണ്ടി ആരെങ്കിലും വാദിച്ചാൽ മേനകാഗാന്ധി അതിനും വക്കാലത്തുമായി എത്തുമോ?

മനുഷ്യനും മറ്റു ജന്തുക്കളും തമ്മിൽ കാര്യമായ വ്യത്യാസമില്ലെന്ന് വാദിക്കുന്നവരെ സംബന്ധിച്ചേടത്തോളം സംസ്കാരത്തിന് കാര്യമായ വിലയൊന്നുമുണ്ടാകാനിടയില്ല. സംസ്കാരത്തെ വിലമതിക്കുന്നവരെ സംബന്ധിച്ചേടത്തോളം വസ്ത്രധാരണം സംസ്കാരത്തിന്റെ ലക്ഷണമാണ്. മനസിൽ തോന്നുന്നതും ശരീരം ആഗ്രഹിക്കുന്നതും അപ്പടി ചെയ്യുന്നതോടെയാണ് സംസ്കാരത്തിന് അന്ത്യമുണ്ടാകുന്നത്. അത്തരം ശരീരേച്ഛകൾക്ക് കടിഞ്ഞാണിടാൻ തുടങ്ങുന്നതോടെയാണ് സംസ്കാരം ജനിക്കുന്നത്. മനുഷ്യനുമായി ബന്ധപ്പെട്ട ഇത്തരം കാര്യങ്ങളെപ്പറ്റി പാശ്ചാത്യ നരവംശജ്ഞർക്ക് വലിയ വിവരമൊന്നുമില്ല. കാര്യമായുള്ളത് വിവരക്കേടുകളാണു താനും. ഇത്തരം അസംബന്ധങ്ങൾ വിളമ്പിയാണ് നമ്മുടെ നാട്ടിലെ ബുദ്ധിജീവികൾ ഇരിപ്പിടം ഉറപ്പിക്കുന്നത്. പാശ്ചാത്യർ പറയുന്നത് എത്രത്തോളം ശരിയാണെന്ന് വിലയിരുത്താനുള്ള കഴിവ് ഇത്തരം ലുംബൻ ബുദ്ധിജീവികൾക്കില്ല എന്നതു തന്നെയാണ് പ്രധാന പരിമിതി.

"ഈ ഗ്രഹത്തിലെ ജീവികളെക്കുറിച്ച് കൂടുതൽ പഠിച്ചപ്പോൾ ഒരു കാര്യം എനിക്ക് മനസ്സിലായി" എന്ന് പ്രസ്താവിച്ചുകൊണ്ടാണല്ലോ മേനകാഗാന്ധിയുടെ ലേഖനം ആരംഭിക്കുന്നത്. ഏതെങ്കിലും ജീവികളെപ്പറ്റി ശാസ്ത്രീയമായി മേനകാഗാന്ധി പഠനം നടത്തിയതായി ഇതുവരെയും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല. പിന്നെ എങ്ങനെയാണ് അവർക്ക് ഇക്കാര്യം മനസ്സിലായത്? അവരുടെ തന്നെ വിവരണം ശ്രദ്ധിക്കുക: "ഓസ്‌ലോ സർവകലാശാലയിലെ നാഷ്നൽ ഹിസ്റ്ററി മ്യൂസിയത്തിൽ ഒരു പ്രദർശനം സംഘടിപ്പിച്ചിട്ടുണ്ട്. വിഷയം നമ്മളെല്ലാവരും പ്രകൃതിവിരുദ്ധമെന്ന് പറയുന്ന സ്വവർഗരതി തന്നെ. 51 ഇനം ജീവികൾ സ്വവർഗരതിയിൽ ഏർപ്പെടുന്നതിന്റെ ദൃഷ്ടാന്തങ്ങളാണ് പ്രദർശനത്തിനുള്ളത്. എട്ടുകാലി, ഞണ്ട്, കടവാതിൽ, ഡോൾഫിൻ, തിമിംഗലം തുടങ്ങിയവയെല്ലാം സ്വാഭാവികമായി സ്വവർഗരതിയിൽ ഏർപ്പെടുന്നു. ചുരുക്കത്തിൽ സ്വവർഗലൈംഗികത, ഉഭയലൈംഗികത എന്നീ വിഭജനം മനുഷ്യർക്കിടയിൽ മാത്രമേയുള്ളൂ." ('നാഷ്നൽ' എന്നാണ് മാതൃഭൂമിയിലെങ്കിലും 'നാച്ചുറൽ' എന്നാണ് ശരി).

മേനകാഗാന്ധി കൂടുതൽ പഠിച്ചത് എവിടെ നിന്നാണെന്ന് ഇപ്പോൾ മനസ്സിലായില്ലേ? സ്വവർഗരതിക്കാരുടെ സ്വന്തം നാട് എന്ന് വിശേഷിപ്പിക്കാവുന്ന നോർവേയിലെ ഓസ്‌ലോ സർവകലാശാലയിൽനിന്ന്! എങ്ങനെയാണ് പഠിച്ചതെന്നും മനസ്സിലായി – 51 ഇനം ജീവികൾ സ്വവർഗരതിയിൽ ഏർപ്പെടുന്നതിന്റെ പ്രദർശനത്തിൽനിന്ന്! (അതിൽ മനുഷ്യൻ ഉൾപ്പെട്ടിരുന്നോ എന്ന് വ്യക്തമല്ല. പാശ്ചാത്യ സർവകലാശാലയിൽ അതിനും ആളെ കിട്ടാൻ പ്രയാസമുണ്ടാവില്ല. അഥവാ സ്വവർഗരതിക്കാരെ കിട്ടിയില്ലെങ്കിലും പണം കൊടുത്താൽ അല്ലാത്തവരെയും പ്രദർശിപ്പിക്കാൻ കിട്ടിയേക്കും. പണം കൊടുക്കാതെ തന്നെ പ്രദർശനം ജീവിതരീതിയാക്കിയവർ ധാരാളമുള്ള അവിടെ ഇതിനൊക്കെയുണ്ടോ പഞ്ഞം!)

മേനകാഗാന്ധിയുടെ വാചകങ്ങൾ ശ്രദ്ധിക്കുക. 51 ഇനം ജീവികൾ സ്വവർഗരതി പ്രദർശിപ്പിക്കുന്നത് കണ്ടപ്പോഴേക്കും അവർ ഉപസംഹരിച്ചത് ഇങ്ങനെയാണ്: "ചുരുക്കത്തിൽ സ്വവർഗലൈംഗികത, ഉഭയലൈംഗികത എന്ന വിഭജനം മനുഷ്യർക്കിടയിൽ മാത്രമേയുള്ളൂ." ലോകത്ത് 51 ഇനം ജീവികളല്ല ഉള്ളതെന്നും ഇരുപത് ലക്ഷത്തോളം ഇനം ജീവികളുണ്ടെന്നുമുള്ള കാര്യം ശ്രീമതി ഗാന്ധിക്ക് അറിയില്ലായിരിക്കാം. ലേഖനത്തിന്റെ അവസാനഭാഗത്ത് മേനകാഗാന്ധി മ്യൂസിയത്തിലെ പീറ്റർ ബോക്ക്മാനെ പരാമർശിക്കുന്നുണ്ട്. പ്രദർശനത്തിന്റെ സംഘാടകരിലൊരാൾ ബോക്ക്മാനായിരുന്നു. ഇദ്ദേഹത്തിന്റെ അവകാശവാദമനുസരിച്ച് ആയിരത്തഞ്ഞൂറോളം ജീവിവർഗങ്ങൾക്കിടയിൽ സ്വവർഗരതി കാണപ്പെടുന്നുണ്ടത്രെ. ഇത് ശരിയാണെങ്കിൽ പോലും ലക്ഷക്കണക്കിന് മറ്റു ജീവിവർഗങ്ങളിലൊന്നും സ്വവർഗരതിയില്ല എന്നാണല്ലോ മനസിലാകുന്നത്. അപ്പോഴും പ്രകൃതിയുടെ പൊതുസ്വഭാവം സ്വവർഗരതിയല്ലെന്ന് വ്യക്തമാവുന്നു. എന്നിട്ടും ശ്രീമതി ഗാന്ധി പ്രഖ്യാപിക്കുന്നത് സ്വവർഗ

ലൈംഗികത, ഉഭയലൈംഗികത എന്നിങ്ങനെ വേർതിരിക്കുന്നത് മനുഷ്യൻ മാത്രമാണെന്നാണ്! ലേഖനത്തിൽ ഒരിടത്ത് അവർ ഇങ്ങനെ കൂടി എഴുതുന്നുണ്ട്: “മൃഗങ്ങൾക്കിടയിൽ സ്വവർഗ ലൈംഗികത സാധാരണമെന്നാണ് ശാസ്ത്രജ്ഞരുടെ കണ്ടെത്തൽ.” ഇരുപത് ലക്ഷം ജീവിവർഗങ്ങളുള്ളതിൽ ആയിരത്തഞ്ഞൂറ് ഇനം ജീവികളിൽ ഈ സ്വഭാവം കാണപ്പെടുന്നു എന്ന അവകാശവാദം ശരിയാണെങ്കിൽ തന്നെ “മൃഗങ്ങൾക്കിടയിൽ സ്വവർഗ ലൈംഗികത സാധാരണ”മാണെന്നു വരുന്നതെങ്ങനെ? അസാധാരണമാണെന്നല്ലേ അതുതന്നെയും തെളിയിക്കുന്നത്?

മൃഗങ്ങളിൽ സ്വവർഗരതിയുണ്ടെന്നതിനാൽ മനുഷ്യരിലും അത് നിമയവിധേയമാക്കുന്നതാണ് പ്രകൃതിപരം എന്ന് വാദിക്കുന്ന മേനകാഗാന്ധി അവരുടെ തന്നെ വാചകങ്ങൾ ഉയർത്തുന്ന പ്രശ്നങ്ങളെപ്പറ്റി തെല്ലും ബോധവതിയല്ലെന്നു കാണാം. അവരെഴുതി: “സന്താനോൽപാദനത്തിന് മാത്രമാണ് അരയന്നങ്ങൾക്കിടയിൽ ആണും പെണ്ണും ഇണചേരുന്നത്. അതു കഴിഞ്ഞാൽ ആൺ അരയന്നം പെണ്ണിനെ കൊത്തിയോടിക്കുകയാണ് പതിവ്.”

ഇതിന്റെയടിസ്ഥാനത്തിൽ ഇണചേർന്ന ശേഷം പെണ്ണിനെ വീട്ടിൽകൊണ്ടുപോയാക്കി അനാഥമാക്കുന്നത് പ്രകൃതിപരമാണെന്ന് ഏതെങ്കിലും പുരുഷന്മാർ വാദിച്ചാൽ മേനകാഗാന്ധി എന്തുവിശദീകരണം നൽകും? അവർ തുടർന്നെഴുതുന്നു: “ഫ്ളെമിംഗോ പക്ഷികൾക്കിടയിൽ ആണുങ്ങൾ പ്രത്യുൽപാദനത്തിനായി ഒരൊറ്റരാത്രിമാത്രമാണ് പെണ്ണുങ്ങൾക്കൊപ്പം കഴിയുന്നത്. പിന്നെ അവളെ ഓടിച്ച് ഏതെങ്കിലും ആണിന്റെ കൂടെ പൊറുതി തുടങ്ങും.” പ്രകൃതിയിൽ ഇങ്ങനെയും കാണുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ ഒറ്റരാത്രിമാത്രം പെണ്ണിന്റെ കൂടെ ചെലവഴിച്ച് രാവിലെ അവളെ ആട്ടിപ്പുറത്താക്കുന്ന പുരുഷന്റെ ‘ശാസ്ത്രീയ’ നിലപാടിനെപ്പറ്റി മേനകാഗാന്ധി എന്തു പറയും? ചുരുക്കത്തിൽ ജന്തുക്കളിലെ വിചിത്രസ്വഭാവങ്ങൾ ചൂണ്ടിക്കാണിച്ച് സ്വവർഗരതിയെ ന്യായീകരിക്കുന്നവർ അസംബന്ധം നിറഞ്ഞ വാദങ്ങളാണ് ഉയർത്തുന്നതെന്ന് വ്യക്തം.

മൃഗങ്ങൾക്കിടയിൽ സ്വവർഗരതിയുണ്ടെന്ന ചില പാശ്ചാത്യ ശാസ്ത്രജ്ഞരുടെ നിരീക്ഷണവും സംശയാസ്പദമാണെന്ന കാര്യം ഇതോടൊപ്പം മനസ്സിലാക്കണം. ഇത്തരം വാദങ്ങൾ ആദ്യമായി ഉന്നയിച്ച ആൽഫ്രഡ് കിൻസി കൃത്രിമമായി ഗവേഷണഫലങ്ങൾ കെട്ടിച്ചമച്ചയാളാണെന്ന് പിന്നീട് തെളിഞ്ഞുവന്ന വസ്തുതയും ശ്രദ്ധേയമാണ്. വ്യാഖ്യാനങ്ങൾ മാത്രമാണ് ഇവർ സൃഷ്ടിക്കുന്നത്; വസ്തുതകൾ അല്ല. മേനകാഗാന്ധിയുടെ വാചകങ്ങൾ തന്നെ നോക്കൂ: “ഒരേ ലിംഗത്തിൽപെട്ട മൃഗങ്ങൾ പരസ്പരം ചുംബിക്കുന്നു; ഓമനിക്കുന്നു. സ്വന്തം കൂട്ടുകാരനോ കൂട്ടുകാരിക്കോ വേണ്ടി മറ്റുള്ളവരോട് പൊരുതുന്നു.” ഇതെല്ലാം സ്വവർഗരതിക്ക് തെളിവായി ചില പാശ്ചാത്യ ശാസ്ത്രജ്ഞർ ഹാജരാക്കുന്നു. സ്വവർഗരതി മനോഭാവക്കാരായ പാശ്ചാത്യശാസ്ത്രജ്ഞർക്ക് ഇതെല്ലാം സ്വവർഗരതിയായി തോന്നുന്നുവെന്നല്ലാതെ പാവം മൃഗങ്ങൾ എന്തുപിഴച്ചു? പാശ്ചാത്യലോകത്ത് നടത്തപ്പെട്ട ഗവേഷണങ്ങളിൽ വലിയൊരു പങ്ക് ഇത്തരം അസംബന്ധങ്ങളാണെന്ന് ഇന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

**മനസിൽ തോന്നുന്നതും ശരീരം ആഗ്രഹിക്കുന്നതും അപ്പടി ചെയ്യുന്നതോടെയാണ് സംസ്കാരത്തിന് അന്ത്യമുണ്ടാകുന്നത്. അത്തരം ശരീരേച്ഛകൾക്ക് കടിഞ്ഞാണിടാൻ തുടങ്ങുന്നതോടെയാണ് സംസ്കാരം ജനിക്കുന്നത്. മനുഷ്യനുമായി ബന്ധപ്പെട്ട ഇത്തരം കാര്യങ്ങളെപ്പറ്റി പാശ്ചാത്യ നരവംശജ്ഞർക്ക് വലിയ വിവരമൊന്നുമില്ല. കാര്യമായുള്ളത് വിവരക്കേടുകളാണു താനും.**

എന്തിനും ശാസ്ത്രീയമായ മുഖമുണ്ടായാലേ നിലനിൽക്കാനാവൂ എന്നത് പുതിയ കാലത്തിന്റെ വിശേഷതയാണ്. അതിനാൽ മനുഷ്യൻ, സമൂഹം, പ്രകൃതി എന്നിവയെപ്പറ്റിയുള്ള ആധുനികരുടെ അബദ്ധധാരണകൾക്ക് ശാസ്ത്രീയപരിവേഷം നൽകാനുള്ള ശ്രമമാണ് കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകൾക്കിടെ നടന്നത്. ലഭ്യമായ ശാസ്ത്രീയവിവരങ്ങളിൽനിന്നും സൗകര്യപൂർവം ചില കാര്യങ്ങൾ തെരഞ്ഞെടുത്ത് ദുർവ്യാഖ്യാനം ചെയ്തുകൊണ്ടാണ് ഇതു സാധിച്ചത്. ശാസ്ത്രജ്ഞന്മാർ കണ്ടുപിടുത്തങ്ങളെന്ന വ്യാജേന ഇത്തരം മൂഢതകൾ അവതരിപ്പിക്കുമ്പോൾ ശാസ്ത്രസാഹിത്യകാരന്മാർ അവരുടെ ഉപരിപ്ലവമായ വിവരങ്ങളെ വലിയ തത്ത്വവിചാരം എന്ന മട്ടിൽ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നു. സ്വവർഗരതിക്കുവേണ്ടി *മാതൃഭൂമി* ആഴ്ചപ്പതിപ്പ് ഏതാനും ലേഖനങ്ങൾ നീക്കിവെച്ചിരുന്നു. ‘അമ്മ ഒരു സങ്കൽപമാണ്’ എന്ന ശീർഷകത്തിൽ ജീവൻ ജോബ് തോമസ് എഴുതിയ ലേഖനം അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്: “.....മാതൃത്വത്തിന്റെ ചോദനക്കപ്പുറം മറ്റുള്ള സാധ്യതകളെ അന്വേഷിക്കാനുള്ള പെണ്ണിന്റെ ആസക്തി തികച്ചും മനുഷ്യസഹജവും സ്വാഭാവികവുമാണ്” (*മാതൃഭൂമി* ആഴ്ചപ്പതിപ്പ് 2009 ജൂലൈ 19-25, പേജ് 17).

പാശ്ചാത്യലോകത്തെ സ്ത്രീകൾ ഇത്തരം സാധ്യതകൾ അന്വേഷിക്കുകയും കണ്ടെത്തുകയും നടപ്പാക്കുകയും ഒടുവിൽ മനംമടുത്ത് മാതൃത്വത്തിലേക്ക് തിരിച്ചുപോവുകയും ചെയ്യുന്നത് ലേഖകന് അറിയില്ലായിരിക്കാം. നിരീശ്വരവാദികളായ ശാസ്ത്രജ്ഞരുടെ വാചകാഭ്യാസങ്ങൾ അപ്പടി വിഴുങ്ങി മലയാളത്തിൽ ഛർദ്ദിക്കാൻ ശീലിച്ച ലേഖകൻ പാശ്ചാത്യലോകത്തെ സ്ത്രീകളുടെ പുതിയ തലമുറ എന്ത് ചിന്തിക്കുന്നു എന്നറിയാൻ സാധ്യതയില്ലല്ലോ. പാശ്ചാത്യലോകത്തെ സ്ത്രീവാദക്കാരുടെ തലമുറ മാതൃത്വത്തിനപ്പുറമുള്ള ചോദനകൾ പൂർത്തീകരിക്കാൻ ഹൈസ്കൂൾ പ്രായത്തിലേ ശ്രമം തുടങ്ങിയിരുന്നു. അതിന്റെ ഫലമായി ഗർഭിണികളായ സ്കൂൾ വിദ്യാർഥിനികൾ പ്രായപൂർത്തിയാകും മുമ്പേ നിരവധി തവണ അസ്വാഭാവിക ഗർഭഛിദ്രത്തിനു വിധേയമാകാൻ വിധിക്കപ്പെട്ട അവർ ശാരീരികമായും മാനസികമായും തകർന്ന് മാതൃത്വത്തിനപ്പുറമുള്ള ആത്മഹത്യാ ചോദനയിൽ അഭയം തേടുകയാണുണ്ടായത്. മാതൃത്വത്തിനപ്പുറമുള്ള ചോദനകളിൽ ഗവേഷണം നടത്തി മുന്നേറിയ അമേരിക്കയിലെയും ബ്രിട്ടനിലെയും പുതിയ തലമുറക്കാരിൽ വലിയൊരു വിഭാഗം തള്ളയില്ലാത്തവരും തന്തയില്ലാത്തവരുമാണ്. ഇവരുടെ ശാരീരികവും മാനസികവുമായ പ്രതിസന്ധികൾ അന്നാട്ടിലെ വിദ്യാഭ്യാസ വിചക്ഷണരുടെയും സാമൂഹിക ശാസ്ത്രജ്ഞരുടെയും ഉറക്കം കെടുത്തിക്കൊണ്ടിരിക്കുന്നു. ബ്രിട്ടനിലെ വിദ്യാർഥികൾക്കിടയിൽ നടത്തിയ സർവെയിൽ ഭൂരിപക്ഷം പേരും അഭിപ്രായപ്പെട്ടത് കുടുംബവ്യവസ്ഥയിലേക്ക് തിരിച്ചുപോകണമെന്നാണ്. (*ടെലിഗ്രാഫ്*, 2001 ജൂൺ 19) പാശ്ചാത്യലോകത്തെ ഇത്തരം പ്രശ്നങ്ങളെപ്പറ്റി യാതൊന്നുമറിയാത്ത ശാസ്ത്രസാഹിത്യകാരന്മാർ തത്ത്വവിചാരങ്ങളെന്ന മട്ടിൽ അവതരിപ്പിക്കുന്ന പ്രകൃതിവിരുദ്ധ ആശയങ്ങളെ വിലയിരുത്താൻ കഴിവില്ലാത്തവരായി പത്രാധിപന്മാർ മാറിയിരിക്കുന്നു എന്നത് കേരളീയരുടെ നിർഭാഗ്യമായി കരുതണം. ■